©
Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. LV
വാല്യം 55

Thiruvananthapuram, Friday
തിരുവനന്തപുരം, വെള്ളി

13th August 2010
2010 ആഗസ്റ്റ് 13
22nd Sravana 1932
1932 ശ്രാവണം 22

No.
നമ്പർ 1890

## കേരള സർക്കാർ

### തദ്ദേശ സ്വയംഭരണ (ഇ എം) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 177/2010/തസ്വഭവ. *തിരുവനന്തപുരം, 2010 ആഗസ്റ്റ് 13.*

**എസ്. ആർ. ഒ. നമ്പർ 817/2010.**—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ടും 2010 ജൂലൈ 2-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) 139/2010/തസ്വഭവ നമ്പർ ആയി പുറപ്പെടുവിച്ചതും, 2010 ജൂലൈ 2-ാം തീയതിയിലെ 1490-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 659/2010-ാം നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തിക്കൊണ്ട് കേരള സർക്കാർ ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത്:—

### ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിലെ പട്ടികയിൽ,—

(i) (1)-ാം കോളത്തിൻകീഴിൽ 'കോട്ടയം' എന്നതിന് നേരെ,—

(എ) (2)-ാം കോളത്തിലെ 'ഈരാറ്റുപേട്ട' എന്നതിന് നേരെ (3)-ാം കോളത്തിൽ നിലവിലുള്ള ഉൾക്കുറിപ്പുകൾക്ക് താഴെ 'തലപ്പലം', 'തിടനാട്' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) (2)-ാം കോളത്തിലെ 'ഉാലം' എന്നതിന് നേരെ (3)-ാം കോളത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 'തലപ്പലം', 'തിടനാട്' എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

(ii) (1)-ാം കോളത്തിൻകീഴിൽ 'എറണാകുളം' എന്നതിന് നേരെ,—

(എ) (2)-ാം കോളത്തിലെ 'കോതമംഗലം' എന്നതിന് നേരെ (3)-ാം കോളത്തിൽ 'കോട്ടപ്പടി' എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ബി) (2)-ാം കോളത്തിലെ 'കൂവപ്പടി' എന്നതിന് നേരെ (3)-ാം കോളത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 'കോട്ടപ്പടി' എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

(iii) (1)-ാം കോളത്തിൻകീഴിൽ 'മലപ്പുറം' എന്നതിന് നേരെ,—

(എ) (2)-ാം കോളത്തിലെ 'തിരൂർ' എന്നതിന് നേരെ (3)-ാം കോളത്തിൽ 'തിരുനാവായ' എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ബി) (2)-ാം കോളത്തിലെ 'കുറ്റിപ്പുറം' എന്നതിന് നേരെ (3)-ാം കോളത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 'തിരുനാവായ' എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

(iv) (1)-ാം കോളത്തിൻകീഴിൽ 'വയനാട്' എന്നതിന് നേരെ,—

(എ) (2)-ാം കോളത്തിലെ 'കല്പറ്റ' എന്നതിന് നേരെ (3)-ാം കോളത്തിൽ 'പടിഞ്ഞാറേത്തറ' എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ബി) (2)-ാം കോളത്തിലെ 'പനമരം' എന്നതിന് നേരെ (3)-ാം കോളത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 'പടിഞ്ഞാറേത്തറ' എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

(v) (1)-ാം കോളത്തിൻകീഴിൽ 'തൃശ്ശൂർ' എന്നതിന് നേരെ (2)-ാം കോളത്തിൽ 'പുഴയ്ക്കൽ' എന്നതിന് നേരെ (3)-ാം കോളത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 'അവണ്ണൂർകൈപ്പറമ്പ്' എന്നതിന് പകരം 'അവണ്ണൂർ' എന്നും അതിനു താഴെ 'കൈപ്പറമ്പ്' എന്നും ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്. എം. വിജയാനന്ദ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

# വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

ഭൂമിശാസ്ത്രപരവും ഭരണപരവുമായ സൗകര്യം കണക്കിലെടുത്ത് സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളെ പുനഃസംഘടിപ്പിച്ചുകൊണ്ടും പുതിയ ബ്ലോക്ക് പഞ്ചായത്തുകൾ രൂപീകരിച്ചുകൊണ്ടും 2010 ജൂലൈ 2-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 139/2010/തസ്വഭവ ആയി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. തലപ്പലം, തിടനാട് എന്നീ ഗ്രാമ പഞ്ചായത്തുകളെ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മാറ്റി ളാലം ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുത്തിയതിനെതിരേയും, കോട്ടപ്പടി ഗ്രാമ പഞ്ചായത്തിനെ കോതമംഗലം ഗ്രാമ പഞ്ചായത്തിൽ നിന്നും മാറ്റി കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുത്തിയതിനെതിരേയും, തിരൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തിരുനാവായ ഗ്രാമ പഞ്ചായത്തിനെ മാറ്റി കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുത്തിയതിനെതിരേയും, പടിഞ്ഞാറേത്തറ ഗ്രാമ പഞ്ചയത്തിനെ കല്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മാറ്റി പനമരം ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുത്തിയതിനെതിരേയും ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത വിവിധ റിട്ട് പെറ്റീഷനുകൾ അനുവദിച്ചുകൊണ്ടും പ്രസ്തുത പഞ്ചായത്തുകളെ അവ 22-4-1994-ലെ വിജ്ഞാപന പ്രകാരം ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകളിൽത്തന്നെ നിലനിർത്തുന്നതിനും ബഹു. കേരള ഹൈക്കോടതി ഉത്തരവായതിനാൽ പ്രസ്തുത വിധിന്യായങ്ങൾക്ക് അനുസൃതമായി ചില ബ്ലോക്ക് പഞ്ചയത്തുകളുടെ ഭൂപ്രദേശത്തിൽ ഉൾപ്പെട്ടിട്ടുള്ള ഘടക ഗ്രാമ പഞ്ചായത്തുകളിൽ മാറ്റം വരുത്തിക്കൊണ്ട് വിജ്ഞാപനം ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.